## ജനമൈത്രി എക്സൈസ്

77 (1781) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി എക്സൈസ് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(ബി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവത്ക്കരണം നടത്തുവാനും എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുക. അതിലൂടെ മദ്യ മയക്കുമരുന്നുകളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗംമൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക. കൂടാതെ ലഹരിക്ക് അടിമപ്പെട്ടവരെ ഡീ അഡിക്ഷൻ സെന്ററുകളിലെ ചികിത്സയ്ക്ക് വിധേയരാക്കുന്നതിലൂടെ ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുക. ഇതിനുപുറമെ ജനങ്ങളുടെ സഹകരണത്തോടെ ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനം നടപ്പിലാക്കി മദ്യ മയക്കുമരുന്നുകളുടെ ഉൽപ്പാദനവും വിപണനവും തടയുകയും കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും ജനമൈത്രി എക്സൈസ് പ്രവർത്തിക്കുന്നു.

(ബി) സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വ്യാജമദ്യത്തിന്റെയും മറ്റുലഹരി വസ്തുക്കളുടെയും ഉൽപ്പാദന വിപണന കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ടി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ



LIBRARY ARCHIVES Kerala Legislative Assembly

ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുക. ഈ പ്രവർത്തനങ്ങൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ നേതൃത്വം നൽകുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ എത്തിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ, ലഘു ചിത്ര പ്രദർശനങ്ങൾ, ലഘുലേഖ വിതരണം എന്നിവ സംഘടിപ്പിക്കുക. കൂടാതെ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെ ലഹരി വിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുക, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയിലൂടെയും കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയിലൂടെയും ബോധവൽക്കരണ പരിപാടികൾ ജനമൈത്രി എക്സൈസ് സംഘടിപ്പിക്കുന്നു.

(സി) ജനമൈത്രി എക്സൈസ് എന്ന പേരിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 15 അംഗ ഉദ്യോഗസ്ഥരെ പുതിയതായി നിയമിച്ച് ഒരു കർമ്മസേന അട്ടപ്പാടിയിൽ രൂപീകരിച്ച് ഇതിനോടകംതന്നെ ലഹരിവിരുദ്ധ ബോധവല്ക്കരണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ജനകീയ പങ്കാളിത്തത്തോടെ അട്ടപ്പാടിയിൽ നടത്തിവരുന്നു.

**ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിലെ ബില്ലിംഗ് സിസ്റ്റം**

78 (1782) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ വ്യാജ ബില്ലിംഗ് സമ്പ്രദായം കാണപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു നിയന്ത്രിക്കുന്നതിന് പ്രസ്തുത ഔട്ട്ലെറ്റുകളിലെ കച്ചവടവും വിലയും ബില്ലിംഗും ഒരു നെറ്റ്വർക്കിലൂടെ ബന്ധിപ്പിച്ച് നിരീക്ഷണവിധേയമാക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) മദ്യം വാങ്ങുന്ന ഉണഭോക്താവ് എല്ലാ നിലയിലും വഞ്ചിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ വ്യാജ ബില്ലിംഗ് സമ്പ്രദായം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ താഴെ പറയുന്ന നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly